"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - മലയാളം മിഷൻ - റേഡിയോ മലയാളം പ്രോജക്ട് ഹെഡ് ശ്രീ. ജേക്കബ് എബ്രഹാമിന്റെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.20/2026/CLAD തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:-
1. സഉ(പി)നം.28/2016/ധന, തീയതി, 26.02.2016
2. സഉ(പി)നം.56/2017/ധന, തീയതി, 28.04.2017
3. സഉ(പി)നം.112/2018/ധന, തീയതി, 21.07.2018
4. സഉ(പി)നം.81/2019/ധന, തീയതി, 09.07.2019
5. സഉ(പി)നം.29/2021/ധന, തീയതി, 11.02.2021
6. സ.ഉ(അച്ചടി)നം. 54/2025/ധന തീയതി, 19.04.2025
7. സ.ഉ.(സാധാ)നം.226/2025/സാംകാവ, തീയതി, 21.04.2025
8. മലയാളം മിഷൻ ഡയറക്ടറുടെ 16.09.2025 ലെ 333/19/മ മി നമ്പർ കത്ത്

**ഉത്തരവ്**

മലയാളം മിഷനിലെ റേഡിയോ മലയാളം പ്രോജക്ട് ഹെഡായി കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ശ്രീ. ജേക്കബ് എബ്രഹാമിന്റെ കരാർ കാലാവധി 25.09.2025 ൽ അവസാനിച്ച സാഹചര്യത്തിൽ ടിയാന്റെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (8) പ്രകാരം മലയാളം മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയാളം മിഷനിൽ റേഡിയോ മലയാളത്തിന്റെ പ്രൊജക്റ്റ് ഹെഡ് തസ്തികയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ശ്രീ. ജേക്കബ് എബ്രഹാമിന്റെ കരാർ കാലാവധി 25.09.2025-ന് അവസാനിച്ചതിനാൽ, കരാർ ദിവസവേതനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ യാതൊരു

അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തി, **26.09.2025** -ൽ ഒരു ദിവസത്തെ ബ്രേക്ക് നല്കി, തൊട്ടടുത്ത പ്രവൃത്തി ദിനമായ **27.09.2025** മുതൽ **26.09.2026** വരെ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് മലയാളം മിഷൻ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** ശ്രീ. ജേക്കബ് എബ്രഹാമിന്റെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകി മലയാളം മിഷൻ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഉത്തരവിൽ ദീർഘിപ്പിച്ച് നൽകുന്ന കരാർ കാലയളവ് **(dd/mm/yy to dd/mm/yy)** കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ, കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് മലയാളം മിഷൻ ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്

ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം

ധനകാര്യ വകുപ്പ് **(10.11.2025**-ലെ **No.2572412/EDN-C5/ 131/ 2023-FIN** പ്രകാരം)

ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്**(C1/171/2025-CLAD)**

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 09-01-2026 17:32:37

സെക്ഷൻ ഓഫീസർ

പകർപ്പ്:-സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി എസ്. ന്